പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2613** | **14/12/2015-ൽ മറുപടിക്ക്**

**സർക്കാർ ഹോമിയോ ആശുപത്രികളിലെയും ഡിസ്പെൻസറികളിലെയും ഔഷധ വിതരണം**

**ചോദ്യം**

ശ്രീ.കെ.രാജു

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ ഹോമിയോ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും ഔഷധങ്ങൾ വിതരണം ചെയ്യുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത് ഹോംകോ എന്ന ഏജൻസിയെയാണോ ; ഈ ഏജൻസി 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ എത്ര രൂപയുടെ മരുന്നുകൾ വിതരണം നടത്തിയിട്ടുണ്ടെന്ന് വാർഷികാടിസ്ഥാനത്തിൽ ജില്ല തിരിച്ചുള്ള വിശദമായ കണക്കുകൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ സർക്കാർ ഹോമിയോ ആശുപത്രികൾക്കും, എൻ.ആർ.എച്ച്.എം., ഡിസ്പെൻസറികൾക്കും ഔഷധങ്ങൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നത് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലി. (ഹോംകോ) ആണ്.<br>2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ വിതരണം ചെയ്തിട്ടുള്ള മരുന്നുകളുടെ ആകെ തുക ജില്ലാടിസ്ഥാനത്തിൽ അനുബന്ധം I-ായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത ഏജൻസിക്ക് 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും ഓരോ മരുന്നിനും എത്ര തുകയ്ക്കുള്ള ഓർഡറുകൾ ലഭിച്ചുവെന്നും ഇതിൽ എത്ര തുകയ്ക്കുള്ള മരുന്നുകൾ വിതരണം നടത്തിയിട്ടുണ്ടെന്നും വാർഷികാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ തിരിച്ചുള്ള കണക്കിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഈ ഇനത്തിലുള്ള തുക കിട്ടാനുണ്ടോ ; എങ്കിൽ വീണ്ടും ഔഷധ വിതരണം നടത്തുന്നതിന്റെ സാഹചര്യം വിശദമാക്കുമോ; | (ബി) | ഹോംകോ ഇതര സംസ്ഥാനങ്ങൾക്ക് ഔഷധ വിതരണം നടത്തിയത്.<br>**സാമ്പത്തിക വർഷം** : **ഇതര സംസ്ഥാനം**<br>2013-14 : 6,41,35,509.00<br>2014-15 : 6,19,15,913.00<br>2015-16 : 4,80,16,193.00<br>തുക ലഭിക്കുവാനുണ്ട്. മരുന്ന സാമ്പിളുകൾ ടെസ്റ്റ് പാസാകുന്ന മുറയ്ക്ക് തുക ലഭ്യമാകുന്നുണ്ട്. മരുന്ന വിതരണം നടത്തി തുക പാസ്സാക്കുന്നത് പതിവു രീതി ആയതിനാൽ വിതരണം മുടക്കാറില്ല.<br>സംസ്ഥാനങ്ങൾ തിരിച്ച് ഔഷധ വിതരണത്തിന് ഓർഡർ ലഭിച്ചത് അനുബന്ധം 2-യി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഓർഡറുകൾ പ്രകാരം ലഭ്യമായ കമ്മീഷന്റെ ശതമാനകണക്കുകൾ ലഭ്യമാക്കുമോ; ടി ഏജൻസിക്ക് ഔഷധ വിതരണത്തിനായി അഡ്വാൻസ് ലഭിക്കുന്ന തുക എത് ബാങ്കുകളിലാണ് നിക്ഷേപിക്കുന്നത്; ടി തുക ട്രഷറിയിൽ നിക്ഷേപിക്കാത്ത സാഹചര്യം വിശദമാക്കുമോ; ഹോംകോയ്ക്ക് അസംസ്കൃത വസ്തുക്കൾ നൽകുന്നതിനായി ഏതൊക്കെ സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഇതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (സി) | അന്യ സംസ്ഥാനങ്ങളിൽ നിന്ന് ലഭിക്കുന്ന ഓർഡറുകൾക്ക് ഹോംകോയ്ക്ക് കമ്മീഷൻ ലഭിക്കുന്നില്ല.<br><br>ഹോംകോയുടെ ഔഷധ വിതരണത്തിനായി മുൻകൂർ ലഭിക്കുന്ന തുക ഹോംകോ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി ക്രമങ്ങൾ പാലിച്ച് താഴെപറയുന്ന ദേശസാൽകൃത ബാങ്കുകളിലും ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിലുമാണ് നിക്ഷേപിച്ചിട്ടുള്ളത്.<br>1. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ആലപ്പുഴ മെയിൻ ശാഖ<br>2. യൂക്കോ ബാങ്ക്<br>3. കോർപ്പറേഷൻ ബാങ്ക്<br>4. കേരള ഗ്രാമീണ ബാങ്ക്<br><br>പ്രസ്തുത തുക ഹോംകോയുടെ തനത് ഫണ്ടായതുകൊണ്ടാണ് ട്രഷറി ഒഴിവാക്കി ഇപ്രകാരം ദേശസാൽകൃത ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരിൽ നിന്നും പദ്ധതി വിഹിതമായി ലഭിക്കുന്ന തുക ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്.<br><br>ഹോംകോയ്ക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഓരോ വർഷവും ടെൻഡർ/ ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചാണ് വാങ്ങുന്നത്. ഈ വർഷം ഇ.ടെൻഡർ ആണ് നടത്തിയിട്ടുള്ളത്. ആയതിന് സർക്കാർ അനുമതി ആവശ്യമില്ല.<br><br>ഹോംകോയുടെ അസംസ്കൃത വസ്തുക്കൾ, പായ്ക്കിംഗ് മെറ്റീരിയൽസ് നൽകുന്നവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.<br><br>1. നന്ദു കാർട്ടൺസ്, തക/252 ഇ, ഐ.ഡി.പ്ലോട്ട് നമ്പർ 54&70, വാടയ്ക്കൽ പി.ഒ., പുന്നപ്ര, ആലപ്പുഴ – 688 003.<br>2. യൂജിൻ ഫാർമാകം, രജി. സെയിൽസ് ആന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, എ-307, തേഡ് ഫ്ലോർ, സ്കൈലൈൻ, എപ്പിറ്റോം, ബിഹൈൻഡ് ജോളി ജിംഗാന, കൈറോൾ റോഡ്, ഘാഡ്കോപ്പാർ-വെസ്റ്റ്, മുംബൈ-86, മഹാരാഷ്ട്ര, ഇൻഡ്യ.<br>3. ബാക്സൺ ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് പ്രൈ. ലി. കോർപ്പറേറ്റ് ഓഫീസ് : എ-51, സൗത്ത് എക്സ്റ്റൻ, പാർട്ട്-1, ന്യൂഡൽഹി-49.<br>4. ഷ്റിവിൻ ഫാർമ പ്രൈവറ്റ് ലി., 4, ഡി.എൽ.ഖാൻ റോഡ്, റൂം നമ്പർ ബി-401, കൽക്കട്ട - 700025. |

(ഡി) ഹോംകോയിൽ ഏതൊക്കെ വിഭാഗക്കാർക്കാണ് ഓവർ ടൈം അലവൻസ് അനുവദിക്കുന്നത് ഈ ഇനത്തിൽ കഴിഞ്ഞ 5 വർഷക്കാലമായി അനുവദിച്ച തുകയുടെ തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഹോംകോ യുടെ ബൈലോയിൽ എം.ഡി.യായി സർക്കാർ ഉദ്യോഗസ്ഥൻ തന്നെ പ്രവർത്തിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; നിലവിൽ എം.ഡി യായി തുടരുന്നയാൾ സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചയാളാണോ; എങ്കിൽ തുടർ നിയമനം നൽകിയ സാഹചര്യം വിശദീകരിക്കുമോ ;

(ഡി) 2009-10-ൽ ഹോംകോയുടെ ആകെ വിറ്റുവരവ് 897 ലക്ഷം രൂപ മാത്രമായിരുന്നു. 2014-15-ലെ വിറ്റുവരവ് 2016 ലക്ഷം രൂപയായി ഉയർന്നു. ഹോംകോയുടെ അടിസ്ഥാന സൗകര്യത്തിൽ യാതൊരു മാറ്റവും ഇല്ലാതെ അധിക തസ്തികകൾ ലഭ്യമല്ലായെന്നിരിക്കെ നിലവിലുള്ള ജീവനക്കാർ അധിക സമയം ജോലി ചെയ്താണ് ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. ഉൽപ്പാദനവുമായി ബന്ധപ്പെട്ട വിഭാഗങ്ങളിലും ഓഫീസിലുമാണ് ഓവർടൈം അനുവദിച്ചിട്ടുള്ളത്.

2010-11 മുതലുള്ള 5 വർഷക്കാലത്തെ തസ്തിക തിരിച്ചുള്ള ഓവർടൈം അലവൻസിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| കാലയളവ് | സ്ഥിരം തൊഴിലാളികളും ദിവസ വേതന ജീവനക്കാരും | ഓഫീസ് സ്റ്റാഫ് |
|---|---|---|
| 2010-11 | 1086865 | 74300 |
| 2011-12 | 801632 | 100000 |
| 2012-13 | 1293249 | 268366 |
| 2013-14 | 3054225 | 1802725 |
| 2014-15 | 4951617 | 561089 |

ഹോംകോ ബൈലോ 17(ബി) പ്രകാരം മാനേജിംഗ് ഡയറക്ടർ സർക്കാർ ഉദ്യോഗസ്ഥനായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിലുള്ള മാനേജിംഗ് ഡയറക്ടറെ നിയമിച്ച് ഉത്തരവായ സമയം അദ്ദേഹം സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചിട്ടില്ലായിരുന്നു.

31.05.2015-ൽ ആണ് നിലവിലുള്ള എം.ഡി. സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചത്.

(ഇ) ഹോംകോയിൽ ടാക്സും എക്സൈസ് ഡ്യൂട്ടിയും ഒഴിവാക്കിയ മരുന്നുകൾക്ക് ഇവ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഹോംകോയിൽ ദിവസവേതനാടിസ്ഥാനത്തിൽ നടത്തുന്ന നിയമനങ്ങളുടെ മാനദണ്ഡങ്ങൾ വിശദമാക്കുമോ; കഴിഞ്ഞ 25 വർഷമായി ഹോംകോയിൽ തെരഞ്ഞെടുപ്പ് നടത്താത്ത സാഹചര്യം വിശദമാക്കുമോ?

(ഇ) ഹോംകോ വിൽക്കുന്ന മരുന്നുകൾക്ക് 5% വാറ്റും 1.3% സെൻട്രൽ എക്സൈസ് ഡ്യൂട്ടിയും ഈടാക്കുന്നു. ബന്ധപ്പെട്ട ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളുടെ നിർദ്ദേശമനുസരിച്ചാണ് ടാക്സ് ഈടാക്കുന്നത്. ടാക്സ് റിട്ടേൺ മാസത്തിൽ സമർപ്പിക്കുന്നുണ്ട്.

ഹോംകോയിലെ ദിവസവേതന അടിസ്ഥാനത്തിലുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് നടത്തുന്നത്.

ജി.ഒ.(ആർ.റ്റി) നം.3253/84/എച്ച്.ഡി. തീയതി 09.10.84 ഉത്തരവ് പ്രകാരം കേരള സർക്കാർ ഹോംകോയുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സിനെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുള്ളതിനാൽ തെരഞ്ഞെടുപ്പ് നടത്തേണ്ട സാഹചര്യം ഉണ്ടാകുന്നില്ല.

സെക്ഷൻ ഓഫീസർ